**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3888      11.11.2019 ൽ മറുപടിക്ക്

## കോങ്ങാട് മണ്ഡലത്തിൽ കാത്ത് ലാബ് ആരംഭിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കോങ്ങാട് മണ്ഡലത്തിൽ ഏതെങ്കിലും സി.എച്ച്.സി യിൽ കാത്ത് ലാബ് ആരംഭിക്കുന്നതിന് ആർദ്രം പദ്ധതിയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദവിവരം നൽകുമോ; | (എ), (ബി) & (സി) | ആർദ്രം പദ്ധതിയിൽ സി.എച്ച്.സി.യിൽ കാത്ത് ലാബ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ആരോഗ്യ വകുപ്പിൽ നിലവിൽ ആർദ്രം മാനദണ്ഡം അനുസരിച്ച് ആണ് ആരോഗ്യ സ്ഥാപനങ്ങൾ വികസിപ്പിച്ച വരുന്നത്. ആർദ്രം മാനദണ്ഡം അനുസരിച്ച് സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ജില്ലാതല ആശുപത്രികളിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗമായ കാർഡിയോളജി വകുപ്പിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായാണ് കാത്ത് ലാബുകൾ പ്രവർത്തിക്കുന്നത്. പാലക്കാട് ജില്ലയിൽ പാലക്കാട് ജില്ലാ ആശുപത്രിയെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അവിടെ നിലവിൽ കാർഡിയോളജി വിഭാഗവും, കാത്ത് ലാബ് സേവനങ്ങളും നല്ലരീതിയിൽ പ്രവർത്തിച്ച വരുന്നുണ്ട്. ജില്ലയിലെ മറ്റ് ആശുപത്രികളിൽ ഈ സൗകര്യം ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | ഇപ്രകാരം കാത്ത് ലാബ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ പുതിയ ഒരു പ്രൊപ്പോസൽ നൽകിയാൽ ആയത് പരിഗണിക്കുമോ; | | |
| (സി) | മലയോരപ്രദേശമായ കോങ്ങാട് നിന്നും വളരെ ദൂരെയാണ് പല കാത്ത് ലാബ് സൗകര്യമുള്ള ആശുപത്രികളുമെന്നിരിക്കെ, രോഗികളുടെ സൗകര്യം കണക്കിലെടുത്ത് മണ്ഡലത്തിൽ നിലവിലുള്ള ഏതെങ്കിലും ഒരു സർക്കാർ ആശുപത്രിയിൽ കാത്ത് ലാബ് സൗകര്യം ഏർപ്പെടുത്തുമോ; ഇല്ലെങ്കിൽ വിശദവിവരം നൽകുമോ? | | |

Hari
സെക്ഷൻ ഓഫീസർ